# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -204 | 09.03.2015 ൽ മറുപടിയ്ക്ക്

## അഭിലാഷിന്റെ ദുരൂഹ മരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷിന്റെ ദുരൂഹ മരണം സംബന്ധിച്ച ക്രൈം ബ്രാഞ്ച് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br>(ബി) അന്വേഷണം പൂർത്തിയാക്കുന്നതിന് എത്ര കാലമെടുക്കുമെന്ന് വിശദമാക്കാമോ;<br>(സി) പ്രസ്തുത അന്വേഷണത്തിന്റെ ചുമതല ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (എ), (ബി) & (സി) | കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് ഗവ.ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷിന്റെ മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നം. 1188/14 കേസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും (CBCID Cr.No.210/CR/HHW-111/KKD/14) ക്രൈംബ്രാഞ്ച് HHW-III കണ്ണൂർ സബ്-യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.കെ.വി സന്തോഷ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ടി കേസിൽ ആധികാരികമായ തെളിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷണം പൂർത്തീകരിച്ച് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ